(ബി&സി) സംസ്ഥാന സർക്കാരിന്റെ പ്രജനന നയം അനുസരിച്ച് ക്ഷീര സംഘങ്ങളൊഴികെ സർക്കാർ ഇതര ഏജൻസികളെക്കൊണ്ട് കൃത്രിമ ബീജദാനം നടപ്പിലാക്കുന്നില്ല. എന്നാൽ നയരൂപീകരണത്തിനു മുൻപ് കെ.എൽ.സി. ബോർഡിന്റെ കീഴിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൃത്രിമ ബീജദാന കേന്ദ്രങ്ങൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എം. എസ്സ്.സി ഡയറിയിംഗ് കോഴ്സ്

17(1814) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ കൗൺസിൽ ഓഫ് റിസേർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എം. എസ്സ്.സി. ഡയറിയിംഗ് കോഴ്സ് നടത്തുന്നതായി അറിവുണ്ടോ ;

(ബി) ഈ കോഴ്സിന്റെ 2000-2001 -ലെ ബാച്ചിൽ ഡയറി ഡിപ്പാർട്ട്മെന്റ് കാട്ടയിൽ സംസ്ഥാനത്തെ ഡയറി ഡിപ്പാർട്ട്മെന്റിൽനിന്നും ആർക്കെങ്കിലും പ്രവേശനം ലഭിച്ചതായി അറിവുണ്ടോ ;

(സി) എങ്കിൽ ഇവരുടെ പഠനകാലം സർവ്വീസ് കാലമായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കോഴ്സിന് ഡിപ്പാർട്ട്മെന്റൽ കാട്ടയില്ല. അതിനാൽ ഡിപ്പാർട്ട്മെന്റൽ കാട്ടയിൽ ആർക്കും അഡ്മിഷൻ ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം

18(1815) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂരിലെ കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഉൽപാദനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly